


# ലിറ്റിൽകൈറ്റ്സ്

2017-18 അധ്യയന വർഷത്തിൽ KITE ന്റെ പ്രവർത്തന മാർഗ്ഗത്തിൽ നമ്മുടെ സ്കൂളിലും ലിറ്റിൽകൈറ്റ്സ് പ്രവർത്തനം ആരംഭിച്ചു. 8-ാം ക്ലാസ്സിലെ 40 പേരെ തിരഞ്ഞെടുത്തു. മലയാളം കമ്പ്യൂട്ടിങ്ങ്, ആനിമേഷൻ, മൊബൈൽ ആപ്ളിക്കേഷൻ , പ്രോഗ്രാമിംഗ്, ഇലക്ട്രോണിക്സ്, ഹാർഡ് വെയർ, ഇന്റർനെറ്റ് സേഫ്റ്റി എന്നീ വിഷയങ്ങളുടെ പരിശീലനം നടന്നുവരുന്നു. ശ്രീ ജിമ്മി ജോസഫും ശ്രീമതി റീനാമോൾ ജോസഫും കുട്ടികൾക്ക് പരിശീലനം നൽകുന്നു. നമ്മുടെ സ്കൂളിലെ എട്ട് കുട്ടികൾ പുറ്റടിയിൽ നടന്ന സബ്ജില്ലാ ക്യാമ്പിൽ പങ്കെടുത്തു. ആൽബിൻ ജോസഫിന് ജില്ലാ ക്യാമ്പിലേക്ക് സെലക്ഷനും ലഭിച്ചു.



# എന്റെ എൻ.സി.സി യൂണിറ്റ്

അബിലാഷ് 9A

അച്ചടക്കവും ദേശസ്നേഹവും വളർത്തുന്ന ഉത്തമ പൗരൻമാരെ വാർത്തെടുക്കുന്നതിന്റെ ഭാഗമായി എല്ലാ ആഴ്ചകളിലും വ്യാഴം വെള്ളി ദിവസങ്ങളിൽ കുട്ടികൾക്ക് നെടുങ്കണ്ടം ബറ്റാലിയന്റെ നേതൃത്വത്തിൽ പരിശീലനം നൽകി വരുന്നു.സ്കൂളിന്റെ പൊതുപ്രവർത്തനത്തിനും പാഠ്യ പാഠ്യേതര പ്രവർത്തനത്തിങ്ങളിലും സജീവ സാന്നിദ്ധ്യമായ ഈ എൻ.സി.സി കേഡറ്റുകൾ ഈ സ്കൂളിന്റെ അഭിമാനമായി പ്രവർത്തിക്കുന്നു.

കാത്തിരിപ്പിനോടുവിൽ 2017-18 അധ്യായന വർഷത്തിൽ വണ്ടൻമേട് സെന്റ് ആന്റണീസ് ഹൈസ്കൂളിൽ ഒരു എൻ.സി.സി യൂണിറ്റ് യാഥാർത്ഥ്യമായി.33 കേരള ബറ്റാലിയൻ നെടുംകണ്ടം എൻ.സി.സി യിലെ ആർമി ഓഫിസേഴ്സ് സ്കൂളിൽ എത്തുകയും 8 ാം ക്ലാസിൽ നിന്ന് 50 കുട്ടികളെ തിരഞ്ഞെടുക്കുകയും ചെയ്തു. 17 പെൺ കുട്ടികളും 33 ആൺ കുട്ടികളും ഈ യൂണിറ്റിൽ പ്രവർത്തിക്കുന്നു."Duty and Discipline " എന്ന ലക്ഷ്യം മുൻനിറുത്തി നിശ്ചയദാർഢ്യത്തോടെ ലക്ഷ്യപ്രാപ്ത്തിയിലേയ്ക്ക് എത്താനുള്ള തികഞ്ഞ അഭിനിവേശവുമായി പ്രവർത്തിക്കുന്ന ഈ എൻ.സി.സി യൂണിറ്റിന്റെ ഔപചാരിക ഉദ്ഘാടനം 16/11/2017 ന് ബഹുമാനപ്പെട്ട കോർപ്പറേറ്റ് മാനേജർ Rev. Fr. സക്കറിയാസ് ഇല്ലിക്കമുറിയുടെ സാന്നിദ്ധ്യത്തിൽ നടന്നു. അഭിലാഷ് മോൻ പി.റ്റി ,അനിറ്റ വിനോദ് എന്നിവർ ലീഡർമാരായി പ്രവർത്തിക്കുന്നു.അധ്യാപകനായ ശ്രീ.തോമസ് ജയിംസിന്റെ നേതൃത്വത്തിൽ യൂണിറ്റ് പ്രവർത്തനങ്ങളി ഭംഗിയായി നടന്നുവരുന്നു.



## രാജാവിൻെറ ചന്ദ്രയാത്ര

പണ്ട് പേർശ്യയിൽ മുഹസിൻ എന്ന ഒരു രാജാവ് ഉണ്ടായിരുന്നു. ഒരിക്കൽ അദ്ദേഹത്തിന് ഒരു ആഗ്രഹം. രാജാവിൻെറ ആഗ്രഹം ഇതാണ്.' 'ചന്ദ്രനിൽ കാലുകുത്തുന്ന ആദ്യമനുഷ്യൻ ഞാനാവണം." രാജാവ് ഓർത്തു , എങ്ങനെ ചന്ദ്രനിലെത്തും. രാജാവ് തലപുകഞ്ഞ് ആലോചിച്ചു. പലരും പല മണ്ടൻ ആശയങ്ങളും പറഞ്ഞ് സമ്മാനം വാങ്ങിച്ചു. പക്ഷെ ഒരാശയവും നടപ്പിലായില്ല.

അങ്ങനെ ഇരിക്കെ രാജഗുരു പറഞ്ഞു: "കുറേ പെട്ടികൾ അടുക്കി വെച്ചാൽ അതിൽ കയറി ചന്ദ്രനിൽ എത്തിക്കൂടെ. " അതു രാജാവിന് ഇഷ്ടപ്പെട്ടു. രാജാവ് പറഞ്ഞു: "അതിന് വഴിയുണ്ട്. മുഴുവൻ മരപ്പണിക്കാരെയും കൊട്ടാരത്തിൽ വരുത്തണം. എന്നിട്ട് പെട്ടികൾ ഉണ്ടാക്കണം. ഉടൻ തന്നെ രാജവിളംബരം അറിയിച്ചു: നാട്ടിലെ മരപ്പണിക്കാരെല്ലാം കൊട്ടാരത്തിൽ എത്തുക.

അങ്ങനെ മരപ്പണിക്കാർ കൊട്ടാരത്തിൽ എത്തി. എന്നിട്ട് മരങ്ങളെല്ലാം വെട്ടി നിരത്തി. മരപ്പണിക്കാരെല്ലാം പെട്ടിനിർമ്മാണം തുടങ്ങി, പണി തുടങ്ങി. മാസങ്ങൾ കഴിഞ്ഞു. അവസാനം പെട്ടികൾ എല്ലാം നിർമ്മിച്ചു. എല്ലാം ഒന്നിൻെറ മുകളിൽ ഒന്നായി അടുക്കിവെച്ചു. അടുക്കിവെച്ച പെട്ടികളുടെ മുകളിൽ ഗോവണിയുടെ സഹായത്തോടെ രാജാവ് കയറി. അങ്ങനെ രാജാവ് കയറി കയറി ചന്ദ്രൻെറ അടുത്തെത്തി. പക്ഷെ ചന്ദ്രനെ തൊടാൻ ഒരു പെട്ടിയുടെ ആവശ്യം കൂടെ ഉണ്ടായിരുന്നു.

രാജാവ് അന്തരീക്ഷത്തിൽ നിന്ന് ആലോചിച്ചു. അപ്പോൾ രാജാവിന് ഒരു മണ്ടൻ ആശയം തോന്നി. ഭൂമിയിലുള്ള മനുഷ്യരോട് പറഞ്ഞു: ഏറ്റവും അടിയിലുള്ള പെട്ടിയെടുത്ത് മുകളിലെത്തിക്കാൻ. ആ മനുഷ്യർ രാജാവിൻെറ ഉത്തരവ് എന്ന് കരുതി. അടിയിലെപെട്ടിയെടുത്തതും രാജാവ് മുകളിൽ നിന്ന് ടപ്പേന്ന് താഴെ വീണു. രാജാവിൻെറ കൈയ്യും കാലും ഒടിഞ്ഞ് പോയി. പല ചികിൽസകളും ചെയ്തു. പക്ഷെ രാജാവിന് പരസഹായമില്ലാതെ ഒന്നും ചെയ്യാൻ സാധിച്ചില്ല. അങ്ങനെ രാജാവ് മരണമടഞ്ഞു.

രാജാവിൻെറ തുടർതലമുറ, രാജാവിൻെറ ആഗ്രഹം നിറവേറ്റാൻ ഒരു സംവിധാനം കണ്ടുപിടിക്കണമെന്ന് തീരുമാനിച്ചു. അങ്ങനെ വർഷങ്ങൾക്കു ശേഷം രാജാവിൻെറ തുടർതലമുറ ചന്ദ്രനിലെത്താനുള്ള വാഹനം കണ്ടുപിടിച്ചു. അതാണ് കൂട്ടുകാരെ നമ്മുടെ ഇപ്പോഴത്തെ റോക്കറ്റ്.

# അനുഭവക്കുറിപ്പ്

സിയ ഫൽജിത്ത്

അന്ന് അവധി ദിവസമായിരുന്നു.രാവിലെ ഉണർന്നപ്പോൾ നല്ല തെളിഞ്ഞ അന്തരീക്ഷം.ഞാൻ അനുജനേയും വിളിച്ചുണർത്തി .അപ്പോഴാണ് ഓർത്തത് ഇന്ന് എന്റെ സ്കൂളിലെ അധ്യാപകർ ഭവന സന്ദർശനത്തിന് എത്തും എന്നത്.പെട്ടെന്നു തന്നെ കുളിച്ച് ഭക്ഷണം കഴിച്ച് അധ്യാപകരെയും കാത്ത് ഞങ്ങളുടെ കവലയിൽ ഞാൻ നോക്കി നിന്നു.പറഞ്ഞ സമയത്ത് തന്നെ അധ്യാപകർ അവിടെ എത്തി.പിന്നീട് ഞങ്ങളുടെ സ്കൂളിൽ പഠിക്കുന്ന ഓരോ കുട്ടികളുടെയും ഭവനങ്ങൾ സന്ദർശിക്കാൻ തുടങ്ങി. മാതാപിതാക്കളും കുട്ടികളും വളരെ സന്തോഷത്തോടെ ഞങ്ങളെ സ്വീകരിക്കുകയും പഠനകാര്യങ്ങളെക്കുറിച്ചും കുടുംബസാഹചര്യങ്ങളെക്കുറിച്ചും തുറന്ന് സംസാരിക്കുകയും ചെയ്യ്തു.പുതിയ ഒരു അനുഭവമായിരുന്ന അന്നത്തെ യാത്ര.അധ്യാപരോട് കൂടുതൽ അടുക്കുവാനും അവരോട് എന്തും തുറന്ന് പറയുവാനുമുള്ള ഒരു ആത്മ വിശ്വാസവും അന്നത്തെ യാത്രയിൽ എനിക്ക് ലഭിച്ചു.കുട്ടികളുടെ പഠന വൈകല്യത്തിനുള്ള കാരണങ്ങൾ കണ്ടെത്താനും അവർ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കാനുമാണ് അധ്യാപകർ ഇങ്ങനെയോരു ഭവന സന്ദർശനം നടത്തിയത് ഇത് വളരെ ഫലപ്രധമായി . അധ്യാപകരുമൊന്നിച്ചുള്ള യാത്ര ഏറെ സന്തോഷകരവും ഒരിക്കലും മറക്കാനാവാത്ത അനുഭവവുമായിരുന്നു.



# ഏറ്റവും മനോഹരമായ ദൃശ്യം

ഒരിക്കൽ ഒരു പ്രശസ്ത ചിത്രകാരൻ ഒരു ചിത്രപ്രദർശനത്തിലേക്ക് അത്യാർഹമായ ഒരു ചിത്രം വരയ്ക്കാൻ ആവശ്യപ്പെട്ടു. ഒരു നിബന്ധന സംഘാടകർ മുന്നോട്ടുനീട്ടി. എന്തെന്നുവെച്ചാൽ ഏറ്റവും മനോഹരമായത് എന്തോ..... അതായിരിക്കണം ചിത്രീകരിക്കേണ്ടത്. ചിത്രകാരൻ ബ്രഷും ക്യാൻവാസും ചായക്കൂട്ടുകളും നിരത്തി തയാറാക്കി. പക്ഷേ അയാൾക്ക് എന്താണ് വരക്കേണ്ടത് എന്ന് അറിയില്ല. എന്താണ് ഏറ്റവും മനോഹരമായ വസ്തു? അഥവാ ദൃശ്യം? അയാൾ ചിന്താകുഴപ്പത്തിലായി. ആരോടെങ്കിലും ചോദിക്കാമെന്നുകരുതി അയാൾ തെരുവിലേയ്ക്ക് ഇറങ്ങി.

അയാൾ ആദ്യം കണ്ടത് ഒരു പുരോഹിതനെയായിരുന്നു. അയാൾ അദ്ദേഹത്തോട് ചോദിച്ചു. ലോകത്തിലെ ഏറ്റവും മനോഹര ദൃശ്യം എന്താണെന്ന്.അദ്ദേഹംപറഞ്ഞുവിശ്വാസമാണെന്ന്.അല്പനേരത്തിനു ശേഷം അതുവഴി ഒരു സ്ത്രീയെത്തി. അയാൾ അവരോട് ചോദിച്ചു. ആസ്ത്രീപറഞ്ഞു സ്നേഹമാണെന്ന്.

പിന്നെ അയാൾ ഒരു പട്ടാളക്കാരനെ കണ്ടുമുട്ടി. അയാൾ അദ്ദേഹത്തോടും ചോദിച്ചു. അദ്ദേഹം പറഞ്ഞു സമാധാനമാണെന്ന്. ചിത്രകാരന് സംതൃപ്തിയായി. തന്റെ ചിത്രത്തിനുവേണ്ടതെല്ലാം ലഭിച്ചു കഴിഞ്ഞു. വിശ്വാസം ,സ്നേഹം,സമാധാനം. പക്ഷേ,വീണ്ടുമൊരു ചിന്താകുഴപ്പം ഇവ മൂന്നിനേയും എങ്ങനെ ചിത്രമാക്കും. അയാൾ

വീട്ടിലേക്ക് മടങ്ങി. ഗേറ്റ് തുറന്ന് കയറിയപ്പോൾ തന്റെ രണ്ട് പിഞ്ചോമനകൾ ഓടിയെത്തി. അവരുടെ മുഖത്ത് വിശ്വാസം തിളങ്ങുന്നതായി അയാൾക്ക് തോന്നി. പുഞ്ചിരിച്ചുകൊണ്ട് തന്നെ എതിരേറ്റ ഭാര്യയുടെ മുഖത്ത് സ്നേഹം തിളങ്ങുന്നതായി അയാൾക്കു തോന്നി. വിശ്വാസവും സ്നേഹവും സൃഷ്ടിച്ച സമാധാനം വീടാകെ നിറഞ്ഞു നിൽക്കുന്നതായി അയാൾക്ക് തോന്നി. പിന്നെഅയാൾ ഒട്ടും സംശയിച്ചില്ല. അയാൾ ക്യാൻവാസ് നിവർത്തി ഒറ്റയിരുപ്പുകൊണ്ട് ചിത്രംപൂർത്തിയാക്കി. ചിത്രത്തിനുമുകളിൽ "കുടുബം"എന്ന തലകെട്ട് എഴുതി. അടിയിൽ ലോകത്തിലെ ഏറ്റവും മനോഹരമായ ദൃശ്യം എന്ന് കുറിപ്പും!!

ക്രൂട്ടുകാരേ, നമ്മുടെ ഓരോരുത്തരുടെയും കുടുംബങ്ങളാണ് ലോകത്തിലെ ഏറ്റവുംമനോഹരമായ ദൃശ്യം തമ്മിൽ വിശ്വാസത്തോടും, സ്നേഹത്തോടും, സമാധാനത്തോടും കൂടെ എന്നെന്നും നിലനിൽക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

സോന സിബു

൯ B



# പ്രക്രുതി മലിനികരണം

പ്രക്രുതി നമ്മുടെ മാതാവാണ്. അതിനെ സംരക്ഷിക്കുന്നതിനു പകരം എന്തണ് ചെയ്യുന്നത്?അതിനെ ദ്രഹിക്കുകയല്ലെ? പ്രക്രുതി നമ്മുക്കു നൻമയല്ലെ ചെയ്യുന്നത്,പകരം നമ്മൾ തിൻമയല്ലെ ചെയ്യുന്നത്. പ്ലാസ്റ്റിക്കുകൾ വലിച്ചെറിയുക, കുടിവെള്ളം അശ്ദ്ധികരിക്കുക, നന്ദി മലിനികരിക്കുക, തോടുകളിലും,നന്ദികളിലും പ്ലാസ്റ്റിക്കുകളും മലിനവസ്തുക്കളും വലിച്ചെറിയുക ഇവയെല്ലാം പ്രക്രുതി മലിനികരണത്തിന് കാരണമാകുന്നു.

ഫാക്റ്ററികളിലെ പുകകളും കിടനാശികളുമൊക്കെ ശുദ്ധവായുവിനെ മലിനമാക്കുന്നു. പണിനു വേണ്ടി മനുഷ്യൻ മരങ്ങൾ വെട്ടിമുറിക്കുന്നത് കൊടും വെയിലിന് കാരണമാകുന്നു. ഇവയെല്ലാം പ്രക്രുതി മാതാവിനും നമ്മുക്കും വളരെ ദോഷകരമാകുന്നവയാണ്. പ്രക്രുതിമാതാവിനെ സംരക്ഷികേണ്ടത് നമ്മുടെ കടമയാണ്.പ്രക്രുതിയെ സംരക്ഷികാൻ വേണ്ടി മരങ്ങൾ നട്ടുപിടിപ്പിക്കുന്നത് വളരെ ഉചിതമാണ്.



നിയ കെ എസ് 8 എ

# കേരളം

ശ്രീലക്ഷ്മി 8 ബി

ദൈവത്തിന്റെ സ്വന്തം നാടാണ് കേരളം. പൂക്കളും, പുഴകളും, മരങ്ങളും, മലകളും, കുന്നുകളും, കുടമഞ്ഞും നിറഞ്ഞ മനോഹരമായ നാടാണ് കേരളം .പക്ഷേ കുറച്ച്



മാസങ്ങൾക്ക് മുമ്പ് ഉണ്ടായ വെള്ളപ്പൊക്കത്തിൽ കേരളമാകെ തകർന്ന് പോയി.പക്ഷേ കേരളജനത അതിനെ മുന്നേറി. ഇവിടെ കേരളജനതയുടെ

ഐക്യമാണ് കാണുന്നത്. കേരളം പുനർനിർമ്മിക്കാൻ എല്ലാവരും കൈകോർത്തു. എന്ത് വന്നാലും എല്ലാവരും തരണം ചെയ്യും എന്ന് നമ്മുക്ക് മനസ്സിലാക്കാൻ സാധിക്കും.

# അമ്മ

ഭൂമിയിൽ ഏറ്റവും സ്നേഹം അമ്മക്കാണ്. മാതൃസ്നേഹമാണ് ഭൂമിയിൽ നിറഞ്ഞുനിൽക്കുന്നത്. ലോകത്തിൽ നമ്മുക്ക് കിട്ടാവുന്ന ഏറ്റവും വലിയ സമ്മാനമാണ് അമ്മ. സ്നേഹം എന്താണെന്ന് പഠിപ്പിക്കുന്നത് അമ്മയാണ്.

നമ്മൾ എന്തുപറഞ്ഞാലും നമ്മളെ വിട്ടുപിരിയാത്ത സ്നേഹമാണ് അമ്മ.ജീവിതത്തിൽ എന്ത് പ്രതിസന്ധികൾ വന്നാലും തളരാതെ അത് തരണം ചെയ്യാൻ ആത്മധൈര്യം അമ്മ നൽകുന്നു.ഭൂമിയോളം ക്ഷമിക്കുവാനും മറ്റാരെക്കാളും സ്നേഹിക്കുവാനും അമ്മയ്ക്ക് മാത്രമാണ് കഴിയുക.മക്കളുടെ ആഗ്രഹത്തിനുവേണ്ടി സ്വന്തം ആഗ്രഹം ത്യജിക്കുന്നിടത്താണ് അമ്മയുടെ മഹത്ത്വം വെളിപ്പെടുന്നത്.മക്കളാണ് അമ്മയുടെ ലോകം എന്നാൽ അമ്മയെ മനസ്സിലാക്കാൻ ചുരുക്കം ചിലർക്കുമാത്രമേ കഴിയു. ലോകം മുഴുവനും ചുറ്റിക്കാണാൻ നമ്മൾ പോകുന്നു,എന്നാൽ അമ്മയെ കെട്ടിപ്പിടിച്ച് ആ

കണ്ണുകളിലേക്ക് നോക്കിയാൽ ഈ ലോകം മുഴുവനും നമ്മുക്ക് സാധിക്കും. ആ ലോകത്തിന്റെയത്രെയും മനോഹരമായ ലോകം വേറെ എവിടെയും കാണാൻ കഴിയില്ല. അമ്മയുള്ളവർക്ക് മാതൃസ്നേഹത്തിന്റെ വിലയറിയില്ല, അമ്മയില്ലാത്തവർക്കേ അതിന്റെ വില മനസ്സിലാകുകയുള്ളു. അതുകൊണ്ട് നമ്മൾ അമ്മയെ സ്നേഹിക്കണം, ഇത്രയും ജോലിക്കിടയിൽ പറ്റുന്ന ചെറിയചെറിയ തെറ്റുകൾ നാം ക്ഷമിക്കണം. അമ്മ പറയുന്ന കാര്യങ്ങൾ ക്ഷമയോടെ കേട്ട് മനസ്സിലാക്കാനും അനുസരിക്കാനും നാം തയ്യാറാകണം......

**സൂര്യ,തനുജ,വീണ**

# നന്ദി

ഞങ്ങളുടെ എല്ലാ പ്രവർത്തനങ്ങൾക്കും
ഞങ്ങളോടൊപ്പം നിൽക്കുന്ന ഞങ്ങളുടെ
പ്രിയപ്പെട്ട ഹെഡ്മിസ്ട്രസ്സിനും
എല്ലാ അധ്യാപകർക്കും അനധ്യാപകർക്കും
ഞങ്ങളുടെ പ്രിയ കൂട്ടുകാർക്കും
ജ്ജിമ്മിസാറിനും
റീനാടീച്ചറിനും
സർവ്വോപരി സർവ്വേശ്വരനും
**നന്ദി**



